P R A N A
Prana Public Relations Pvt. Ltd.

**Media Coverage**

| | | |
|---|---|---|
| **PUBLICATION** | : | **MATHRUBHUMI** |
| **DATE** | : | **MARCH 30, 2011** |
| **EDITION** | : | **KOCHI** |
| **PAGE NO** | : | **11** |

---

# ശ്രേയസ് റിലെ സിസ്റ്റംസ് കേരളത്തിൽ കൂടുതൽ നിക്ഷേപത്തിന്

കൊച്ചി: ശ്രേയസ് ഷിപ്പിങ് ആൻഡ് ലോജിസ്റ്റിക്സിൻെറ ഭാഗമായ ശ്രേയസ് റിലെ സിസ്റ്റംസ് കേരളത്തിൽ പ്രവർത്തനം വ്യാപിപ്പിക്കുന്നു. പ്രതിവർഷം കേരളത്തിലേക്കും കേരളത്തിന് പുറത്തേക്കും 15,000 കണ്ടെയ്നറുകൾ ഇന്ത്യൻ തീരക്കടലിലൂടെ കടത്തുന്ന കമ്പനി കൊച്ചിയിൽ വെയർഹൗസ് സ്ഥാപിക്കും. കണ്ടെയ്നറുകൾ റോഡ്മാർഗം കൊണ്ടുപോവുന്നത് ത്വരിതപ്പെടുത്താനായി കേരളത്തിൽ 10-15 ട്രെയിലറുകൾ നിരത്തിലിറക്കും.

ഇതിനുപുറമെ മാസം 5,000 കണ്ടെയ്നറുകൾ കൈകാര്യം ചെയ്യാൻ ശേഷിയുള്ള കണ്ടെയ്നർ ഫ്രൈറ്റ് സ്റ്റേഷൻ സ്ഥാപിക്കാനുള്ള സാധ്യതയും ആരായുന്നുണ്ടെന്ന് ചീഫ് എക്സിക്യൂട്ടിവ് ഓഫീസർ എസ്.വരദരാജൻ പത്രസമ്മേളനത്തിൽ പറഞ്ഞു.

35 ലക്ഷം രൂപ വീതം വിലവരുന്ന 50 ട്രെയിലറുകൾക്കായി ടാറ്റ മോട്ടോഴ്സുമായി കമ്പനി ധാരണാപത്രം ഒപ്പുവെച്ചിട്ടുണ്ട്. ഇതിൽ 10 മുതൽ 15 എണ്ണം കൊച്ചിയിലേക്ക് കൊണ്ടുവരും. കൊച്ചിയിലെ ഡിമാൻഡിനനുസരിച്ച് ആവശ്യമെങ്കിൽ കൂടുതൽ ട്രെയിലറുകൾ നിയോഗിക്കും.

15,000 മുതൽ 20,000 അടി വിസ്തീർണമുള്ള വെയർഹൗസാണ് കൊച്ചിയിൽ സ്ഥാപിക്കുക. കമ്പനിക്ക് തമിഴ്നാട്ടിലും ഗുജറാത്തിലും വെയർഹൗസുകളുണ്ട്. കണ്ടെയ്നർ ഫ്രൈറ്റ് സ്റ്റേഷന് സംയുക്തസംരംഭവും ആലോചിക്കും. നിലവിൽ ഗ്രൂപ്പിന് ആറ് കണ്ടെയ്നർ ഫ്രൈറ്റ് സ്റ്റേഷനാണുള്ളത്.

നടപ്പുസാമ്പത്തികവർഷത്തിൽ 120 കോടിരൂപ വിറ്റുവരവ് പ്രതീക്ഷിക്കുന്ന ശ്രേയസ് റിലെ സിസ്റ്റംസിൻെറ പകുതി വിറ്റുവരവും കേരളത്തിൽ നിന്നാണ്. മാർബിൾ, ടൈൽസ്, അരി, ഗോതമ്പ് എന്നിവയാണ് കേരളത്തിലേക്ക് കടത്തുന്ന ഉല്പന്നങ്ങളെങ്കിൽ പുറത്തേക്ക് കളിമണ്ണ്, പ്ലൈവുഡ് എന്നിവ ഉൾപ്പെടുന്നു. ഇന്ത്യൻ തീരക്കടലിലൂടെ കണ്ടെയ്നറിൽ കടത്തുമ്പോൾ ചരക്ക് കടത്തിൽ 15-20 ശതമാനം ലാഭമുണ്ടാകുമെന്ന് അദ്ദേഹം പറഞ്ഞു. നാലു കപ്പലുകൾ ഇവർക്ക് സ്വന്തമായുണ്ട്. ഗ്രൂപ്പിന് 14 എണ്ണവും, ഒപ്പം 4,000 കണ്ടെയ്നറുകളും.

ആഭ്യന്തര കണ്ടെയ്നർ കടത്ത് രംഗത്ത് പ്രവർത്തിക്കുന്ന കമ്പനി നേരത്തെ മാരുതികാറുകൾ ഗുജറാത്ത് വഴി കേരളത്തിലെത്തിച്ചിരുന്നു. ഇപ്പോൾ ഈ കരാർ ലഭിച്ച അഡാനി ഗ്രൂപ്പുമായി സഖ്യത്തിന് ശ്രമിക്കുമെന്ന് വരദരാജൻ പറഞ്ഞു.